ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:18.02.2025**

## പ്രധാനവാർത്തകൾ

1) ഇന്ത്യ-ഖത്തർ നയതന്ത്ര പങ്കാളിത്തം ശക്തിപ്പെടുത്താൻ പ്രധാനമന്ത്രി നരേന്ദ്രമോദിയും, ഖത്തർ അമീറും തമ്മിലുള്ള പ്രതിനിധിതല ചർച്ചയിൽ ധാരണ.
2) റെയിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കേന്ദ്ര- സംസ്ഥാന സർക്കാരുകൾക്കിടയിൽ നിരന്തര ചർച്ചകൾ ആവശ്യമാണെന്ന് കേന്ദ്ര സഹമന്ത്രി വി സോമണ്ണ.
3) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിങ്ങ് അവസാനിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ റാഗിംഗ് വിരുദ്ധ സംവിധാനമൊരുക്കുമെന്ന് ഉന്നതവിദ്യാഭ്യാസമന്ത്രി ആർ.ബിന്ദു.
4) വയനാട് ജില്ലയിലെ കമ്പമലയിൽ വീണ്ടും കാട്ടുതീ. സംഭവത്തിന് പിന്നിൽ ദുരൂഹതയെന്ന് വനം വകുപ്പ്.
5) രഞ്ജി ട്രോഫി ക്രിക്കറ്റ് സെമി ഫൈനലിൽ ഗുജറാത്തിനെതിരെ 418 റൺസിൻറെ ഉജ്വല സ്കോറുമായി കേരളം.
6) ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് മത്സരങ്ങൾക്ക് നാളെ തുടക്കം.

&&&&&&&&&&&&&&&&&&

**ഇന്ത്യ-ഖത്തർ**

RNU TVPM

ഇന്ത്യ-ഖത്തർ നയതന്ത്ര പങ്കാളിത്തം ശക്തിപ്പെടുത്താൻ പ്രധാനമന്ത്രി നരേന്ദ്രമോദിയും, ഖത്തർ അമീർ ഷേഖ് തമീം ബിൻ ഹമദ് അൽ-താനിയും തമ്മിലുള്ള പ്രതിനിധിതല ചർച്ചയിൽ ധാരണ. വ്യാപാരം, നിക്ഷേപം, നൂതന സാങ്കേതിക വിദ്യ, ഭക്ഷ്യസുരക്ഷ ഉൾപ്പെടെയുള്ള മേഖലകളിൽ സഹകരണം മെച്ചപ്പെടുത്താനും ന്യൂഡൽഹിയിലെ ഹൈദരാബാദ് ഹൗസിൽ നടന്ന ചർച്ചയിൽ തീരുമാനമായി. ഇരട്ട നികുതി ഒഴിവാക്കൽ അടക്കമുള്ള വിഷയങ്ങളിലെ നിരവധി സുപ്രധാന ധാരണാ പത്രങ്ങളും ഇതോടനുബന്ധിച്ച് കൈമാറി. കേന്ദ്രമന്ത്രിമാരായ എസ്. ജയശങ്കർ, നിർമല സീതാരാമൻ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ എന്നിവരും, ഖത്തർ മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും പ്രതിനിധി തല ചർച്ചയിൽ പങ്കെടുത്തു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാജ്യത്തെത്തിയ ഖത്തർ അമീറിന് രാഷ്ട്രപതി ഭവനിൽ ഇന്ന് ഔദ്യോഗിക സ്വീകരണവും നൽകിയിരുന്നു.

PNU TVPM

&&&&&&&&&&&&&&&&&&

**കേന്ദ്രസഹമന്ത്രി വി സോമണ്ണ (ഇൻട്രോ)**

റെയിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കേന്ദ്ര- സംസ്ഥാന സർക്കാരുകൾക്കിടയിൽ നിരന്തര ചർച്ചകൾ ആവശ്യമാണെന്ന് കേന്ദ്ര റെയിൽവേ സഹമന്ത്രി വി സോമണ്ണ. റെയിൽ പദ്ധതികളുടെ വികസനത്തിനായി സംസ്ഥാനത്ത് 460 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും, ഇതിൽ 63 ഏക്കർ ഭൂമി മാത്രമാണ്

സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയതെന്നും മന്ത്രി പറഞ്ഞു. വർക്കല ശിവഗിരി , തൃശൂർ സ്റ്റേഷനുകൾ ഉൾപ്പെടെ
മുപ്പത്തിയഞ്ചു സ്റ്റേഷനുകൾ ലോകോത്തര നിലവാരത്തിൽ, അമൃത് സ്റ്റേഷനുകളാക്കി മാറ്റുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വ്യക്തമാക്കി .

(ഹോൾഡ്)

2025-26 കേന്ദ്ര ബജറ്റ് സംബന്ധിച്ച് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ആശയ വിനിമയ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. തിരുവനന്തപുരം, നേമം റെയിൽവേ സ്റ്റേഷനുകളും കേന്ദ്രസഹമന്ത്രി സന്ദർശിച്ചു.

PNU TVPM

&&&&&&&&&&&&&&&&&&

**തദ്ദേശ സ്വയംഭരണ വികസന ഫണ്ട്**

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 1,905 കോടി രൂപ കൂടി വികസന ഫണ്ട് ഇനത്തിൽ അനുവദിച്ചതായി ധന മന്ത്രി കെ എൻ ബാലഗോപാൽ. ഗ്രാമ പഞ്ചായത്തുകൾക്ക് 1000 കോടി രൂപയും ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 245 കോടി വീതവും, മുൻസിപ്പാലിറ്റികൾക്ക് 193 കോടിയും, കോർപറേഷനുകൾക്ക് 222 കോടി രൂപയുമാണ് വികസന ഫണ്ടിൻറെ മുന്നാം ഗഡുവായി അനുവദിച്ചത്.

&&&&&&&&&&&&&&&&&&

**ആർ ബിന്ദു-റാഗിങ് ഇൻട്രോ**

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിങ്ങിന് അറുതി വരുത്താൻ കഴിയുന്ന വിധത്തിൽ, സംസ്ഥാനതലത്തിൽ റാഗിംഗ് വിരുദ്ധ സംവിധാനമൊരുക്കുമെന്ന് ഉന്നതവിദ്യാഭ്യാസമന്ത്രി ആർ.ബിന്ദു. ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെല്ലാം ആൻറി റാഗിംഗ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ടെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. എല്ലാ ക്യാമ്പസുകളിലും ഇത് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് പ്രിൻസിപ്പൽമാരുടെ യോഗം ചേരാൻ തീരുമാനിച്ചതായും മന്ത്രി വ്യക്തമാക്കി.

(ഹോൾഡ്)

RNU TVPM

&&&&&&&&&&&&&&&&&&

**ജി. ആർ. അനിൽ**

ഡയറക്ട് സെല്ലിങ് കമ്പനികളെ നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്ത് നിരീക്ഷണ സംവിധാനം ആരംഭിക്കുമെന്ന് ഉപഭോക്തൃകാര്യ മന്ത്രി ജി. ആർ അനിൽ. ഇതിനായുള്ള മാർഗരേഖ മുഖ്യമന്ത്രി നാളെ പ്രകാശനം ചെയ്യുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഡയറക്ട് സെല്ലിങ്ങിൻറെ പേരിൽ ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നവരെ തിരിച്ചറിയാനാണ് മാർഗരേഖയിലൂടെ ലക്ഷ്യമിടുന്നത്. ഉപഭോക്താക്കൾക്ക് ബോധവത്കരണം നൽകുന്നതിനുള്ള വീഡിയോകളുടെ പ്രകാശനവും മുഖ്യമന്ത്രി നിർവഹിക്കും.

&&&&&&&&&&&&&&&&&&&

**ആരോഗ്യം**

കാലഹരണപ്പെട്ടതും ഉപയോഗശൂന്യമായതുമായ മരുന്നുകൾ ശാസ്ത്രീയമായി ശേഖരിച്ച് സംസ്കരിക്കുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് **എൻപ്രൗഡ്** എന്ന പേരിൽ പദ്ധതി ആവിഷ്ക്കരിക്കുന്നതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ഉപയോഗ ശൂന്യമായ മരുന്നുകൾ വീട്ടിൽ നിന്നും ശേഖരിച്ച് കൊണ്ടു പോകുകയോ നിശ്ചിത സ്ഥലങ്ങളിൽ നിക്ഷേപിക്കാൻ സൗകര്യമൊരുക്കുകയോ ചെയ്യും. കോഴിക്കോട് കോർപ്പറേഷനിലും, കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി പഞ്ചായത്തിലുമാണ് ഇത് ആദ്യമായി നടപ്പിലാക്കുന്നത്. രാജ്യത്ത് തന്നെ ആദ്യമായാണ് സർക്കാർ തലത്തിൽ ഇത്തരമൊരു പദ്ധതി

&&&&&&&&&&&&&&&&&&&

**കമ്പമല കാട്ടുതീ**

വയനാട് ജില്ലയിലെ മാനന്തവാടി പിലാക്കാവ് കമ്പമലയിൽ വീണ്ടും കാട്ടുതീ. ഇന്ന് ഉച്ചക്ക് ഒരു മണിയോടെയാണ് മലയുടെ മുകളിൽ നിന്നും പുക പടരുന്നതായി നാട്ടുകാരുടെ ശ്രദ്ധയിൽപ്പെട്ടത്. തുടർന്ന് വനംവകുപ്പും, ഫയർഫോഴ്സും സ്ഥലത്തെത്തി, തീയണ ക്കാനുള്ള ശ്രമം ആരംഭിച്ചു. എന്നാൽ സ്വമേധയാ തീ കത്താനുള്ള സാധ്യതയില്ലെന്നും, വനം കത്തിക്കണമെന്ന ഉദ്ദേശത്തോടെ ആരോ തീ ഇട്ടതാകാമെന്നും നോർത്ത് വയനാട്

RNU TVPM

ഡി.എഫ്.ഒ മാർട്ടിൽ ലോവൽ പറഞ്ഞു. കമ്പമലയിൽ ഇന്നലെ പടർന്നു പിടിച്ച കാട്ടുതീ ദീർഘനേരത്തെ ശ്രമത്തിന് ശേഷമാണ് അണയ്ക്കാൻ സാധിച്ചത്.

&&&&&&&&&&&&&&&&&&

**തീപിടുത്തം. -കോഡൂർ പഞ്ചായത്ത്**

മലപ്പുറം കോഡൂർ പഞ്ചായത്ത് മാലിന്യ സംസ്കരണ കേന്ദ്രത്തിൽ വൻ തീപിടുത്തം. രാവിലെ 11 മണിയോടെ പൊട്ടിത്തെറി ഉണ്ടായ ശേഷം പ്ലാസ്റ്റിക് മാലിന്യത്തിലേക്ക് തീ ആളിപ്പടരുകയായിരുന്നു. രണ്ട് കെട്ടിടങ്ങൾ പൂർണ്ണമായും കത്തിനശിച്ചു. ജോലിയിലുണ്ടായിരുന്ന ഹരിത കർമ്മ സേനാ അംഗങ്ങൾ ഇവിടെ നിന്നും രക്ഷപ്പെടുകയായിരുന്നു. ഫയർഫോഴ്സ് എത്തി പിന്നീട് തീ നിയന്ത്രണ വിധേയമാക്കി. ദിവസങ്ങൾക്ക് മുമ്പാണ് കേന്ദ്രത്തിൻ്റെ ഫയർ സേഫ്റ്റി ലൈസൻസ് പുതുക്കി നൽകിയത് .തീ പിടുത്തത്തിൽ ദുരൂഹത ഉണ്ടെന്നും ആരോപിക്കപ്പെടുന്നു.

&&&&&&&&&&&&&&&&&&

**ഇടുക്കി- മൃതദേഹങ്ങൾ**

ഇടുക്കിയിലെ ആനയിറങ്കൽ ജലാശയത്തിൽ കാണാതായ രണ്ടു പേരുടെ മൃതദേഹങ്ങൾ കണ്ടെത്തി. രാജകുമാരി ഗ്രാമപഞ്ചായത്ത് മെമ്പർ ജെയ്സൺ വർഗീസ് തച്ചമറ്റത്തിൽ, സുഹൃത്ത് ബിജു മോളേക്കുടി എന്നിവരുടെ

RINU TVPM

മൃതദേഹങ്ങളാണ് നാട്ടുകാരും ഫയർ ഫോഴ്സും ചേർന്നു നടത്തിയ തെരച്ചിലിൽ കണ്ടെത്തിയത്. ഇരുവരും ഇന്നലെ വൈകിട്ട് ജലാശയത്തിൽ കുളിക്കാനിറങ്ങിയപ്പോൾ മുങ്ങി മരിച്ചതായാണ് പ്രാഥമിക വിവരം.

&&&&&&&&&&&&&&&&&&

## യു.ജി.സി കരട് റഗുലേഷനുകൾ-ദേശീയ കൺവെൻഷൻ

ഉന്നത വിദ്യാഭ്യാസ മേഖലയിൽ യുജിസി അടുത്തിടെ പുറത്തിറക്കിയ കരട് മാനദണ്ഡങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ദേശീയ കൺവെൻഷൻ മറ്റന്നാൾ തിരുവനന്തപുരത്ത് നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്ന കൺവെൻഷനിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മന്ത്രിമാർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## വിഡി സതീശൻ-

കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനം ആക്കണമെന്നതു തന്നെയാണ് പ്രതിപക്ഷത്തിന്റെയും നിലപാടെന്നും സംരംഭങ്ങളുടെ എണ്ണം പെരുപ്പിച്ച് കാട്ടുന്നതിനെയാണ് ചോദ്യം ചെയ്യുന്നതെന്നും പ്രതിപക്ഷ നേതാവ് വിഡി സതീശൻ. മൂന്ന് വർഷം കൊണ്ട് തുടങ്ങിയ മൂന്ന് ലക്ഷം സംരംഭങ്ങൾ ഏതൊക്കെയെന്ന് സർക്കാർ വ്യക്തമാക്കണമെന്നും പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

RIUTVPM

## പാതിവില തട്ടിപ്പ്- ഇഡി

പാതിവില തട്ടിപ്പ് കേസിൽ സംസ്ഥാനത്ത് പന്ത്രണ്ടിടങ്ങളിൽ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് ഇന്ന് റെയ്ഡ് നടത്തി. തട്ടിപ്പിൻറെ സൂത്രധാരൻ അനന്തു കൃഷ്ണൻറെയും സായ് ട്രസ്റ്റ് ചെയർമാൻ ആനന്ദ കുമാറിൻറെയും കോൺഗ്രസ് നേതാവ് ലാലി വിൻസൻറിൻറെയും വീടുകളിൽ ഉൾപ്പെടെയാണ് റെയ്ഡ് നടന്നത്.

&&&&&&&&&&&&&&&&&&&

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ക്രിക്കറ്റ് സെമി ഫൈനലിൽ ഗുജറാത്തിനെതിരെ ശക്തമായ നിലയിൽ കേരളം. രണ്ടാം ദിവസം കളി അവസാനിപ്പിക്കുമ്പോൾ കേരളം 7 വിക്കറ്റ് നഷ്ടത്തിൽ 418 റൺസ് എന്ന നിലയിലാണ്. 149 റൺസുമായി ക്രീസിൽ തുടരുന്ന മുഹമ്മദ് അസ്ഹറുദ്ദീൻറെ സെഞ്ചുറി മികവിലാണ് കേരളം ഒന്നാം ഇന്നിങ്സിൽ ഉജ്വല സ്കോർ പടുത്തുയർത്തിയത്. മറ്റൊരു സെമിഫൈനലിൽ വിദർഭക്കെതിരെ മുംബൈ ബാറ്റിംഗ് തകർച്ച നേരിടുകയാണ്. വിദർഭയുടെ ആദ്യ ഇന്നിംഗ്സ്

RNU TVPM

സ്കോറായ 383 റൺസ് പിന്തുടർന്നിറങ്ങിയ മുംബൈക്ക് 188 റൺസിനിടെ 7 വിക്കറ്റുകൾ നഷ്ടമായി.

&&&&&&&&&&&&&&&&&&

## ചാമ്പ്യൻസ് ട്രോഫി

ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിന് നാളെ തുടക്കം. പാകിസ്ഥാനും ന്യൂസ്‌ലാൻറും തമ്മിലുള്ള ഉദ്ഘാടന മത്സരം നാളെ കറാച്ചിയിൽ നടക്കും. വ്യാഴാഴ്ച ബംഗ്ലാദേശിനെതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം. ഞായറാഴ്ചയാണ് ഇന്ത്യ-പാകിസ്ഥാൻ മത്സരം . ഇന്ത്യയുടെ മത്സരങ്ങൾ ദുബായിലാണ് നടക്കുക.

&&&&&&&&&&&&&&&&&&

RNU TVPM

## ഓഹരി/സ്വർണം

രാജ്യത്തെ ഓഹരിവിപണികൾ നഷ്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു . സെൻസെക്സ് 29 പോയിൻറ് കുറഞ്ഞ് 75,967 ലും നിഫ്റ്റി 14 പോയിൻറ് താഴ്ന്ന് 22,945 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

സ്വർണവില കൂടി . പവന് 240 രൂപ കൂടി 63,760 രൂപയും ഗ്രാമിന് 7,970 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM